# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 661** **28.02.2018-ൽ മറുപടിയ്ക്ക്**

**കുട്ടമല ട്രൈബൽ ഐ.ടി.ഐ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ വന്നതിനുശേഷം അമ്പൂരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കുട്ടമല ട്രൈബൽ ഐ.ടി.ഐ യുടെ വികസനത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | കുട്ടമല ഐ.ടി.ഐ കെട്ടിടം റിപ്പയർ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിനോട് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടമലയിലേതുൾപ്പെടെ വകുപ്പിന്റെ രണ്ട് ഐ.ടി.ഐകൾ വ്യാവസായിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. കൈമാറ്റം പൂർത്തിയാകുന്നതോടുകൂടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഐ.ടി.ഐകളുടെ വിദ്യാഭ്യാസപരവും ഭരണപരവുമായ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും വ്യാവസായിക പരിശീലന വകുപ്പുമായി ചേർന്ന് നിർവ്വഹിക്കുന്നതാണ്. |
| ബി) | കുട്ടമല ട്രൈബൽ ഐ.ടി.ഐ യിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | ബി) | അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.ടി.ഐകൾ കൈമാറ്റം പൂർത്തിയാക്കി വ്യാവസായിക പരിശീലന വകുപ്പുമായി ചേർന്ന് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | കുട്ടമല ട്രൈബൽ ഐ.ടി.ഐ - ൽ കൂടുതൽ ട്രേഡുകൾ, ഡിപ്ലോമ കോഴ്സുകൾ, ഈവനിംഗ്, ഹോളിഡേ ബാച്ചുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | സി) | ഐ.ടി.ഐയ്ക്ക് എം.പി ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. ഐ.ടി.ഐകളുടെ കൈമാറ്റം പൂർത്തിയാക്കി വ്യാവസായിക പരിശീലന വകുപ്പുമായി ചേർന്ന് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ